**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5099** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കൻഡറിയിലെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കൻഡറി കോഴ്സുകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | എത്ര സ്കൂളുകളിലാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയം നിലവിലുള്ളത്; സർക്കാർ എയ്ഡഡ് സ്കൂളുകൾ തിരിച്ചുള്ള എണ്ണവും ബാച്ചുകളുടെ എണ്ണവും ലഭ്യമാക്കുമോ; | (ബി) | 108 സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയം നിലവിലുള്ളത്. സർക്കാർ മേഖലയിൽ 51 സ്കൂളുകളിൽ 53 ബാച്ചുകളിലും, എയ്ഡഡ് മേഖലയിൽ 57 സ്കൂളുകളിൽ 58 ബാച്ചുകളിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയം നിലവിലുണ്ട്. |
| (സി) | പ്രസ്തുത വിഷയം പഠിപ്പിക്കുന്നതിനായി എത്ര സ്ഥിരം തസ്തികകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകൾ തിരിച്ചുള്ള എണ്ണം അറിയിക്കുമോ; | (സി) | സർക്കാർ - 49, എയ്ഡഡ് 50, അൺ എയ്ഡഡ് മേഖല - 15 |
| (ഡി) | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ഡി) | സ്പെഷ്യൽ റൂൾ പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ രണ്ടാം ക്ലാസ്സ് മാസ്റ്റർ ബിരുദവും ബി.എഡ്.-ഉം സെറ്റും (SET) ആവശ്യമാണ്. കൂടാതെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയക്കാർക്ക് ചുവടെ പറയുന്ന യോഗ്യത കൂടി മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.<br><br>“Preference will be given to those who acquired Post Graduate Diploma (Not below B Grade) in Teaching of English from Central Institute of English and Foreign Language or M.Phil. in English Language Teaching from a recognised University. Higher Secondary School Teachers in English And Communicative English must be capable of handling both the subjects.” |
| (ഇ) | പ്രസ്തുത തസ്തികയ്ക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ള | (ഇ) | പരാതി പരിശോധിക്കുന്നതിനും ഈ |

| | | | |
|---|---|---|---|
| | എം.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന കോഴ്സ് രാജ്യത്ത് യു.ജി.സി. അംഗീകാരമുള്ള സ്ഥാപനങ്ങളിലൊന്നും തന്നെ പഠിപ്പിക്കുന്നില്ല എന്ന ഉദ്യോഗാർത്ഥികളുടെ പരാതി പരിശോധിക്കുകയുണ്ടായോ; | | തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പരിശോധിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറെയും എസ്.സി.ഇ.ആർ.റ്റി. ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | എങ്കിൽ നിലവിൽ ലഭ്യമായ കോഴ്സുകൾ ഉൾപ്പെടുത്തി ഈ തസ്തികയിലേക്കുള്ള യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശം നൽകുമോ? | (എഫ്) | പരാതി പരിശോധിക്കുന്നതിനും ഈ തസ്തികയിലേയ്ക്കുള്ള യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂൾസ് പരിശോധിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറെയും എസ്.സി.ഇ.ആർ.റ്റി. ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ